പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5751

05.7.2013- ൽ
മറുപടിക്ക്

# കയർകേരള അന്താരാഷ്ട്ര പ്രദർശന വിൽപ്പന മേള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ.റ്റി. ജോർജ്<br>,, ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് കയർ കേരള അന്താരാഷ്ട്ര പ്രദർശന വിൽപ്പന മേള സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് കയർ കേരള അന്താരാഷ്ട്ര പ്രദർശന വിപണന മേള ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിൽ വച്ച് രണ്ടുതവണ സംഘടിപ്പിക്കുകയുണ്ടായി. 2012 ൽ ഫെബ്രുവരി 4 മുതൽ 9 വരെയും, 2013 ൽ ഫെബ്രുവരി 1 മുതൽ 6 വരെയുമാണ് കയർ കേരള സംഘടിപ്പിച്ചത്. |
| (ബി) ഈ മേളയിൽ എത്ര രാജ്യങ്ങളിൽ നിന്നായി എത്ര പ്രതിനിധികൾ പങ്കെടുത്തു; | (ബി) ഈ മേളയിൽ 30-ൽ പരം വിദേശ രാജ്യങ്ങളിൽ നിന്ന് 127 പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. |
| സി)കയറിന്റെ കയറ്റുമതി ഓർഡറിലും കയർതൊഴിലാളികളുടെ പങ്കാളിത്തത്തിലും ഈ മേള വഴി എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ; | സി) ഈ മേള വഴി 200 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായതായി കണക്കാക്കപ്പെടുന്നു. കയർ ഉത്പന്നങ്ങളുടെ കയറ്റുമതിയിലും കയർ തൊഴിലാളികളുടെ പങ്കാളിത്തത്തിലും ഈ മേള വഴി വളരെയധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിദേശ പവലിയനിലും നാഷണൽ പവലിയനിലും സംഘങ്ങളുടെ പങ്കാളിത്തവും ഏറിവരികയുണ്ടായി. പ്രൈവറ്റ് സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഏറിയതായി കാണപ്പെടുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് കയർ കേരള 2013 മുഖേന ഏകദേശം 54 ലക്ഷം രൂപയുടെയും, ഫോമിൽ-ന് 31 ലക്ഷം രൂപയുടെയും കയറ്റുമതി ഓർഡർ ലഭിച്ചു. |

| | |
|---|---|
| | കയർഫെഡിന് 75 ലക്ഷം രൂപയുടെ കയറ്റുമതിയ്ക്കുള്ള എൻക്വയറി ലഭിച്ചിട്ടുണ്ട്. കയർഫെഡ് 10 ലക്ഷം രൂപയ്ക്കുള്ള കയർ ഭൂവസ്ത്രം ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുകയുണ്ടായി. 32 ലക്ഷം രൂപയുടെ ഡയറക്ട് വിൽപ്പനയും കയർഫെഡിന് ലഭിച്ചിട്ടുണ്ട്. |
| ഡി) തൊഴിലാളികളുമായി നേരിട്ടുള്ള സംവാദത്തിലൂടെ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരം കാണുവാനും ഈ മേള എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഈ മേളയിൽ തൊഴിലാളികളുമായി നേരിട്ടുള്ള സംവാദത്തിലൂടെ അവരുടെ പ്രശ്നങ്ങൾ സർക്കാരിന് നേരിട്ട് മനസ്സിലാക്കാൻ കൂടുതൽ സഹായകമായി. നേരിട്ടുള്ള സംവാദങ്ങൾ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കാൻ സഹായകമായിട്ടുണ്ട്. തൊഴിലാളികൾ പൊതുവായി ഉന്നയിച്ച ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കേണ്ട സർക്കാർ വിഹിതം കൂലി എത്രയും വേഗം ലഭിക്കാനും അടിസ്ഥാന സൗകര്യ വികസനത്തിന്റെ അനിവാര്യത മനസ്സിലാക്കി അവ നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

Kumari [signature]

സെക്ഷൻ ഓഫീസർ